പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 849 **24-06-2026-ൽ മറുപടിയ്ക്ക്**

ഭിന്നശേഷി, ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കുള്ള സ്കീമുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഭിന്നശേഷി, ട്രാൻസ്ജൻഡർ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ലഭ്യമാകുന്ന വിവിധ സ്കീമുകളെ കുറിച്ച് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

മറുപടി: ഭിന്നശേഷി, ട്രാൻസ്ജൻഡർ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന ലഭ്യമാകുന്ന വിവിധ സ്കീമുകളുടെ വിശദാംശങ്ങൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു.

(ബി) സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് രൂപം നൽകിയ പ്രസ്തുത സ്കീമുകൾ എല്ലാം തുടരുമോ; വ്യക്തമാക്കാമോ?

മറുപടി: സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് രൂപം നൽകിയ പ്രസ്തുത സ്കീമുകൾ എല്ലാം തന്നെ തുടരുന്നതാണ്. ഭൂരിപക്ഷം പദ്ധതികളിലും ഭിന്നശേഷിക്കാരായ കുട്ടികളുടെ ചികിൽസ, തെറാപ്പി, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവ ദീർഘകാലത്തേയ്ക്ക് നൽകേണ്ട സേവനങ്ങൾ ആണ്. നിരന്തരമായ സേവനങ്ങൾ നൽകുന്നതിനായി തുടരേണ്ട സ്വഭാവം ഉള്ള പദ്ധതികൾ ആയതിനാൽ സ്കീമുകൾ എല്ലാം തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം I

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് നടപ്പിലാക്കുന്ന സ്കീമുകൾ

RPwD ആക്ട് 2016 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാർക്കായി ആരംഭിച്ച ചില സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- **'വിദ്യാകിരണം'**: ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്.
- **'വിദ്യാജ്യോതി'**: എട്ടാം ക്ലാസ് കഴിഞ്ഞ ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം, പഠന സാമഗ്രികൾ.
- **'സ്വാശ്രയ'**: ഭിന്ന ശേഷിക്കാരുടെ അമ്മമാർക്ക് സ്വയം തൊഴിൽ സഹായം.
- **'സഹചാരി'**: ഭിന്ന ശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. (National Service Scheme) വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഗ്രൂപ്പുകൾക്കും ക്യാഷ് അവാർഡ്.
- **'വിജയാമൃതം'**: പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്ക് ക്യാഷ് അവാർഡ്.
- **പരിരക്ഷ**– ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അടിയന്തിര സാഹചര്യത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി
- ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനത്തിനായി എൻ.ജീ.ഒ.യുടെ പിന്തുണയോടെ 2016–17 വർഷത്തിൽ **'അതിജീവനം'**എന്ന പദ്ധതി ആരംഭിച്ചു.
- ഭിന്നശേഷിയുള്ള അഗതികൾക്കും അനാഥർക്കും സ്ഥാപനപരമായ പുനരധിവാസ സേവനങ്ങൾ സർക്കാർ നടത്തുന്ന 14 ക്ഷേമ സ്ഥാപനങ്ങൾ വഴി നൽകുന്നു. മലപ്പുറം **'പ്രതീക്ഷ ഭവൻ'**, കോഴിക്കോട് **'പുണ്യ ഭവൻ'**എന്നീ സ്ഥാപനങ്ങൾ പ്രൊഫഷണൽ കെയർ ആൻഡ് സപ്പോർട്ട് സേവനങ്ങളോടെ നവീകരിച്ചു.
- **'സ്നേഹയാനം'**: RPwD ആക്ട് 2016 പരിധിയിൽ ഉൾപ്പെടുന്ന ഭിന്ന ശേഷിക്കാരുടെയോ, 80% അല്ലെങ്കിൽ അതിലധികം തീവ്ര ഭിന്നശേഷിയുള്ളവരുടെയോ, നിർധനരും മറ്റ് വരുമാന മാർഗങ്ങളൊന്നുമില്ലാത്ത ഭിന്ന ശേഷിക്കാരുടെ രക്ഷിതാക്കൾക്കു ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതി.
- **മാതൃജ്യോതി പദ്ധതി**– ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി.
- **പരിണയം പദ്ധതി**– ഭിന്നശേഷിക്കാരായ വ്യക്തികളുടെ പെണ്മക്കൾക്കും , ഭിന്നശേഷി പെൺകുട്ടികൾക്കും വിവാഹ ധനസഹായം നൽകുന്ന പദ്ധതി
- **നിയമപരമായ രക്ഷാകർതൃത്വം**– നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു.

- **NISH ONLINE INTERACTIVE DISABILITY AWARNESS SEMINAR (NIDAS)** – ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി.
- **നിരാമയ ഇൻഷുറൻസ് പദ്ധതി**– നാഷണൽ trust ആക്റ്റിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്കായി കേന്ദ്ര സർക്കാർ നടത്തുന്ന നിരാമയ പദ്ധതിയിൽ അംഗങ്ങൾ ആകുന്ന സംസ്ഥാനത്തെ ഭിന്നശേഷി വ്യക്തികളുടെ ഇൻഷുറൻസ് പ്രീമിയം തുക സംസ്ഥാനസർക്കാർ അടച്ചു സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി
- **RPwD രജിസ്ട്രേഷൻ** – സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം 2020 അധ്യായം IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നല്കുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
- **മൊബിലിറ്റി മിഷൻ കേരള പദ്ധതി**– സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പെടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി മിഷന് കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു.
- **പ്രത്യാശ പദ്ധതി**– മാനസ്സിക രോഗം ഭേദമായിട്ടും/നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ/കുടുംബത്തിലോ/ സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതി.
- **പുനർജ്ജനി**– പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കൂടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു.
- **Day Care Project (IMHANS)** – മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ Kozhikode IMHANS ന്റെ മേൽനോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.
- സഹജീവനം സ്നേഹഗ്രാമം– എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ "സഹജീവനം സ്നേഹഗ്രാമം" എന്ന പുനരധിവാസഗ്രാമം

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൾസൾട്ടിംഗ് & ഹൈഡ്രോതെറാപ്പി യൂണിറ്റുമാണ് സ്ഥാപനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.

- മാനസിക രോഗികൾക്ക് Psycho Social Care നൽകുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്ന പദ്ധതി പ്രകാരം 42 സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഗ്രാന്റ് അനുവദിച്ചു വരുന്നു .
- **പ്രചോദനംപദ്ധതി** ബുദ്ധിപരമായി വെല്ലുവിളിനേരിടുന്ന വ്യക്തികളുടെ ശാക്തീകരണത്തിനായി ജില്ലാ തലത്തിൽ തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും നൽകുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി സർക്കാർ അംഗീകാരം തേടി തുടർ നടപടി സ്വീകരിച്ചുവരുന്നു. .
- **സുഗമ്യം പോർട്ടൽ–**
  ഭിന്നശേഷിമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങളും RPwD ആക്റ്റ്പ്രകാരം രജിസ്ട്രേഷൻ നേടിയിരിക്കണമെന്ന് കേരളഭിന്നശേഷി അവകാശചട്ടം 2020 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കാര്യാക്ഷമമാക്കുന്നതിനും സമയബന്ധിതമായി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുമായി വകുപ്പ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഓൺലൈൻ സംവിധാനമാണ് **'സുഗമ്യം പോർട്ടൽ'.**
- **ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കുള്ള പദ്ധതി**
  ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കൽ, യാത്ര, ഭക്ഷണം, താമസ സൗകര്യം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ആവശ്യമായ സാമ്പത്തിക പിൻതുണ നൽകുന്നതിനുള്ള പദ്ധതി .
- **ആശാഭവൻ, പ്രത്യാശഭവൻ എന്നീ സ്ഥാപനങ്ങളിൽ ടെക്നിക്കൽ സപ്പോർട്ട്** പദ്ധതി – സർക്കാരിനു കീഴിൽ പ്രവർത്തിയ്ക്കുന്ന ഭിന്നശേഷി സ്ഥാപനങ്ങളിൽ പ്രൊഫെഷണൽ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും താമസക്കാർക്കനുയോജ്യമായ തരത്തിലുള്ള തൊഴിൽ പരിശീലനങ്ങളും സൈക്കോസോഷ്യൽ സപ്പോർട്ടും നൽകുന്നതിനു സോഷ്യൽ വർക്ക്കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതി നടപ്പുവർഷം ആരംഭിയ്ക്കുന്നു
- **വിറ്റിസി സർവ്വീസ്ഡെലിവറി ഇംപ്രൂവിങ്–** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന സാമൂഹ്യനീതിവകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളായ തിരുവനന്തപുരം , കോഴിക്കോട് VTC യിലെകോഴ്സുകൾ NISH, NIPMR എന്നീ ഏജൻസികളുടെ സഹകരണത്തോടെ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു
- **അസ്സിസ്റ്റീവ് ഡിവൈസ് പോർട്ടൽ –** ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണം കാര്യക്ഷമം ആക്കുന്നതിനുള്ള നൂതന ഓൺലൈൻ സംവിധാനം നടപ്പുവർഷം ആരംഭിയ്ക്കുന്നതാണ്
- **റെസ്പൈറ്റ്ഹോം–** ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് താത്ക്കാലിക സംരക്ഷണം നൽകുന്നതിനുള്ള പ്രത്യേകകേന്ദ്രങ്ങൾ നടപ്പുവർഷം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു
- **സംയോജിത പുനരധിവാസ ഗ്രാമം:**
  ഭിന്നശേഷിക്കാർക്കായി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിൽ മൂന്ന്സംയോജിത

പുനരധിവാസഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് മൂളിയാറിൽ പ്രവർത്തനം ആരംഭിച്ച എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ രണ്ടാംഘട്ട നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള DPR തയ്യാറാക്കിവരുന്നു

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) മുഖേന നിലവിൽ നടപ്പിലാക്കുന്ന സ്കീമുകൾ

ഭിന്നശേഷിയുള്ള വ്യക്തികൾക്കായി കേരള social security mission നു കീഴിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു .

- **Unique ID (UDID)** –ഭിന്ന ശേഷി ഉള്ള എല്ലാ വ്യക്തികൾക്കും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാരിന്റെ സ്വവലംബൻ പോർട്ടൽ വഴി ലഭ്യമാക്കുന്ന നടപടികൾ KSSM മുഖേന എകോപിപ്പിച്ചുവരുന്നു.

- **എൻഡോസൾഫാൻ ബാധിതർക്കുള്ള പദ്ധതികൾ (കാസർഗോഡ് ജില്ല)**
- **സ്നേഹസാന്ത്വനം പദ്ധതി**–ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാൽ ദീർഘകാല ചികിത്സ ആവശ്യമായ എൻഡോസൾഫാൻ ബാധിതർക്കുള്ള പ്രതിമാസ ധനസഹായം (₹1200 മുതൽ).
- **സ്പെഷ്യൽ ആശ്വാസകിരണം**–കിടപ്പിലായോ ഗുരുതരമായി ഭിന്നശേഷി ബാധിച്ചത്തോ ആയവരുടെ **care giver–കൾക്ക്** പ്രതിമാസം ₹700 ധനസഹായം നൽകുന്നു
- **വിദ്യാഭ്യാസധനസഹായം**–എൻഡോസൾഫാൻ ബാധിത കുടുംബത്തിലെ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് – 1–7 ക്ലാസ്: ₹2000, 8–10 ക്ലാസ്: 3000, 11–12 ക്ലാസ്: 4000 (വാർഷികമായി) നൽകുന്നു

സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ടീവ് ഓൺ ഡിസബിലിറ്റീസ് മുഖേന നിലവിൽ നടപ്പിലാക്കുന്ന സ്കീമുകൾ

സംസ്ഥാന സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി സ്റ്റേറ്റ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തിരം ഭിന്നശേഷിക്കാർക്കായി നവജാത ശിശുക്കളുടെ കേൾവി പരിശോധന (കാതോരം), ഏർലി ഇന്റർവെൻഷൻ പദ്ധതികൾ, ഓട്ടിസം സെന്റർ, സ്പെഷ്യൽ അംഗനവാടി, ഭിന്നശേഷിക്കാർക്കായി ഹെൽപ്പ് ഡെസ്ക്, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ഹോർട്ടികൾച്ചർ തെറാപ്പി തുടങ്ങിയ പദ്ധതികൾ പ്രധാനമായും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി **സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ടീവ് ഓൺ ഡിസബിലിറ്റീസ് (SID)** മുഖാന്തിരം **'അനുയാത്ര'**എന്ന പേരിലുള്ള സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്നു.

ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. വൈകല്യം എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ എന്നിവ നൽകുന്നതിനുമായുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്.

1. **കാതോരം**–കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി **'കാതോരം'** എന്ന സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം 14 ജില്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നസ്സ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. കോക്ലിയാർ ഇംപ്ലാന്റേഷൻ ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നിപ്മർ തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ഓഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

2. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ പ്രവർത്തിച്ച് വരുന്നു. സ്ക്രീനിംഗ്, ഏർളി ഇന്റെർവെൻഷൻ, തെറാപ്പി, ചികിത്സ, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്റെറുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ.

3. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

വിവിധങ്ങളായ വൈകല്യം ഉള്ള കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ നൽകി വൈകല്യത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് സാധിയ്ക്കും. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി തുടർച്ചയായി തെറാപ്പി ലഭ്യമാക്കുന്നതിന് പ്രായോഗികമായ പ്രയാസം അനുഭവിക്കുന്നവർ ഏറെയുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ, 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന തോതിൽ പ്രവർത്തിച്ചു

വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപിസ്ററ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ.എച്ച്.എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

4. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നത്. ഒരു ഐ.സി.ഡി.എസ് പ്രോജക്ടിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്ടിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കി പരമാവധി കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ സേവനവും നാളിതു വരെ 1559 ഭിന്നശേഷിക്കാരായ കുട്ടികളെ പൊതു വിദ്യാലയത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

5. ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും ഇതിലൂടെ അവരെ ശാക്തീകരിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മ വിശ്വാസം അവരിൽ വളർത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃക തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ പദ്ധതി വെള്ളായണി അഗ്രിക്കൾച്ചറൽ കോളേജിൽ വിജയകരമായി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് പടന്നക്കാട് കാർഷിക കോളേജിലും പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നു.

6. സ്പെക്ട്രം പദ്ധതി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഒരു സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ചികിത്സ ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

a) ഓട്ടിസം സെന്റെറുകൾ

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജ് ആശുപത്രികളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്റെറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്റെറിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

b) റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റെർ, തൃശ്ശൂർ

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റെർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

C) ചൈൽഡ് ഡവലപ്പ് മെന്റ് ആന്റ് റിസർച്ച് സെന്റെർ

മൂന്ന് വയസ്സിന് താഴെ പ്രായമുള്ള ഓട്ടിസം ലക്ഷണമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

7. സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റെർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

8. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി

ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടുതലായും യുവാക്കളിൽ കണ്ടു വരുന്നതും, മരുന്നുകൾക്ക് അമിത വിലയുള്ളതും, ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമുള്ളതുമായ രോഗമാണിത്. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി ഒരു സ്റ്റേറ്റ് രജിസ്ട്രിയും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെന്ററുകളായി കണ്ടെത്തി രോഗികൾക്ക് മരുന്ന് സൗജന്യമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

9. മൾട്ടിപ്പിൾ സ്ക്ലിറോസിസ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടുതലായും യുവാക്കളിൽ കണ്ടു വരുന്നതും, മരുന്നുകൾക്ക് അമിത വിലയുള്ളതും, ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമുള്ളതുമായ രോഗമാണിത്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മൾട്ടിപിൾ സ്ക്ലീറോസിസ് രോഗികൾക്കായി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി രോഗികൾക്ക് മരുന്ന് സൗജന്യമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായുള്ള അവകാശ നിയമം 2016 ൽ മൾട്ടിപ്പിൾ സ്ക്ലീറോസിസ് ഒരു വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

10. അരിവാൾ രോഗികൾക്കായുള്ള പദ്ധതി

ഹീമോഗ്ലോബിൻ എസ് എന്നറിയപ്പെടുന്ന അസാധാരണമായ് ഹീമോഗ്ലോബിൻ ഉൽപാദിപ്പിക്കുന്ന രക്ത വൈകല്യമാണ് സിക്കിൾ സെൽ ഡിസീസ് (SCD) അഥവാ അരിവാൾ രോഗം. ഈ മാറ്റം രൂപകോശങ്ങൾ ഒന്നിച്ച് ചേർന്ന് രക്തയോട്ടം തടയുകയും

ആരോഗ്യപരമായ പലവിധ സങ്കീർണ്ണതകളിലേക്ക് നയിക്കുകയും ചെയ്യുന്നു. ക്രമേണ രോഗിയുടെ ചലനശേഷിയേയും ബാധിക്കുന്നു. എന്നാൽ ആവശ്യമായ ചികിത്സ നൽകുകയാണെങ്കിൽ ഇവർക്ക് ഗുണനിലവാരമുള്ള ജീവിതം നയിക്കുന്നതിന് സാധിക്കും. അരിവാൾ രോഗികൾക്ക് UDID കാർഡുകൾ ലഭിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും 952 അരിവാൾ രോഗികൾ UDID കാർഡിനായി രജിസ്റ്റർ ചെയ്യുകയും 737 പേർക്ക് UDID കാർഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് അരിവാൾ രോഗികൾക്ക് ആവശ്യമായ മരുന്നുകളും ചികിത്സയും ലഭ്യമാക്കി വരുന്നു.

11. ഹെൽപ്പ് ഡെസ്ക്

ഭിന്നശേഷിക്കാർക്ക് അർഹമായ വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെല്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

12. അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്

ഭിന്നശേഷി മേഖലയിലെ സമഗ്രമായ ഇടപെടലിനായി ഒരുകേന്ദ്രം എന്ന നിലയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID), സംസ്ഥാന സർക്കാരിന്റെ കീഴിൽ ആവിഷ്കരിച്ച ഏർളി ഇന്റർവെൻഷൻ മുതൽ സാമൂഹ്യ പുനരധിവാസത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ച് ഭിന്നശേഷി മേഖലയ്ക്ക് ആകെ പ്രയോജനപ്പെടുന്നതിലേയ്ക്കായുള്ള പദ്ധതിയാണ് അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്. ഈ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രധാനമായും ഒരു ഗുണഭോക്താവിന്റെ വ്യക്തിഗത പരിപാലന പദ്ധതി (ICP) തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള – സമഗ്രമായ മെഡിക്കൽ/തെറാപ്പി/കൗൺസിലിംഗ്/സാമൂഹ്യപുനരധിവാസം ഉറപ്പാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നതിന് അവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ എന്നിവയാണ്.

13. "റിഥം" കേരള സർക്കാർ – സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അനുഗ്രഹീത കലാ പ്രതിഭകളുടെ സംസ്ഥാന ആർട്ട് ട്രൂപ്പ്

ടാലന്റ് സെർച്ച് ഫോർ യുത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി, കലാസാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി, കൂടുതൽ വൈദഗ്ദ്യം ലഭ്യമാക്കി പ്രസ്തുത കലയിൽ അവരെ വിദഗ്ധർ ആക്കി സാമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടു വരുന്നതിലേയ്ക്കായിട്ടാണ് നടപ്പാക്കിയത്. സംസ്ഥാന തലത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസിലൂടെ തിരഞ്ഞെടുത്ത അനുഗ്രഹീത പ്രതിഭകളിൽ പേർഫോമിങ് ആർട്സ് ഇനത്തിൽ, പരിപാടി അവതരിപ്പിച്ച 15 പ്രതിഭകളെ ഉൾപ്പെടുത്തി സംസ്ഥാനതല റിഥം ഗ്രൂപ്പ് തയ്യാറാക്കിയിട്ടുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) മുഖേന നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

- ശ്രവണ പരിമിതിക്ക് പ്രത്യേക ഊന്നൽ നൽകി സ്ഥാപിതമായ NISH, പിന്നീട് നിരവധി ഭിന്നശേഷികളുടെ നേരത്തെയുള്ള തിരിച്ചറിയൽ, ഇടപെടൽ, പുനരധിവാസം, വിദ്യാഭ്യാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമഗ്രമായ ഒരു സ്ഥാപനമായി മാറി. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള **Bachelor's Programme in Audiology and Speech Language Pathology, M.Sc Audiology, M.Sc Speech, Bachelor of Occupational Therapy** തുടങ്ങിയ അക്കാദമിക് പ്രോഗ്രാമുകൾ NISH നടത്തുന്നു.
- ബധിരരും കേൾവി കുറവുള്ളവരുമായ വിദ്യാർത്ഥികൾക്കായി കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള **B.Sc Computer Science (HI), B.Com (HI), BFA (HI)** എന്നീ ബിരുദ കോഴ്സുകളും NISH നടത്തുന്നു. കൂടാതെ **ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇൻറർപ്രറ്റേഷൻ, ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വേജ്, ഡിപ്ലോമ ഇൻ എർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ** എന്നീ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകൃത കോഴ്സുകളും NISH നടത്തുന്നു.

- ബധിരരും കേൾവി കുറവുള്ളവരുമായ കുട്ടികൾക്കുള്ള **ആദ്യകാല ഇടപെടൽ സേവനങ്ങളിൽ (Early Intervention Programme)** NISH കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ, നവജാത ശിശുക്കളുടെ ശ്രവണ ശേഷി വിലയിരുത്താനുള്ള സ്ക്രീനിംഗ്, കേൾവി കുറവ് തിരിച്ചറിയലും അതിന്റെ തോത് വിലയിരുത്തലും, ശ്രവണ സഹായ ക്ഷമതാ പരിശോധന, മുതിർന്നവർക്കും കുട്ടികൾക്കും ശ്രവണപരിമിതിയുമായി ബന്ധപ്പെട്ട കൗൺസിലിംഗ്, വെസ്റ്റിബുലാർ അസസ്മെന്റുകളും കൗൺസിലിംഗും, സംഭാഷണ-ഭാഷാ പരിമിതികളുടെ മൂല്യനിർണ്ണയം, ഇ.എൻ.ടി. മെഡിക്കൽ സേവനങ്ങൾ എന്നിവയും NISH നൽകിവരുന്നു.
- **വീഡിയോ സ്കോബോസ്കോപ്പി, ആർട്ടിക്കുലേറ്ററി സയൻസസ്** തുടങ്ങിയതിനുള്ള ഏറ്റവും ആധുനികമായ സംവിധാനങ്ങളും NISH-ൽ ലഭ്യമാണ്.
- **ഓട്ടിസം, സെറിബ്രൽ പാൾസി, ഗ്ലോബൽ ഡെവലപ്മെന്റ് ഡിലെ, ലേണിംഗ് ഡിസെബിലിറ്റികൾ** എന്നീ അവസ്ഥകളിലൂടെ കടന്നുപോകുന്ന കുട്ടികളുടെ

പുനരധിവാസ നടപടികൾക്കായി **ന്യൂറോ ഡെവലപ്മെന്റ് സയൻസസ്** എന്നൊരു വിഭാഗവും NISH നടത്തുന്നു.

- ഓർത്തോ, ന്യൂറോ, മെന്റൽ ഹെൽത്ത് സേവനങ്ങൾക്കായി **ഒക്യുപേഷണൽ തെറാപ്പി വിഭാഗം, ഫിസിയോ തെറാപ്പി വിഭാഗം, മാനസികാരോഗ്യ വിഭാഗം** എന്നിവയും NISH-ൽ പ്രവർത്തിച്ചുവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) മുഖേന നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

NIPMR എല്ലാത്തരം ഭിന്ന ശേഷികളുടെയും പുനരധിവാസ പ്രക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ **മികവിന്റെ കേന്ദ്രം** (Centre of Excellence) ആയി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സ്ഥാപനം വിവിധ ഭിന്ന ശേഷികൾക്കായി അന്താരാഷ്ട്ര നിലവാരത്തിനനുസൃതമായ ചികിത്സാ സേവനങ്ങളും കൗൺസിലിംഗ് സേവനങ്ങളും നൽകുന്നു.

- **Early Intervention Programme** മുഖേന പഠനപരിമിതി, ഓട്ടിസം തുടങ്ങിയ അവസ്ഥകളുള്ള കുട്ടികൾക്കായി നേരത്തെയുള്ള ഇടപെടൽ നടത്തുന്നു.
- **Spinal Cord Injury Rehabilitation Unit** മുഖേന സ്പൈനൽ കോർഡിലെ പരുക്കുകളുള്ളവർക്ക് പുനരധിവാസ സേവനങ്ങൾ നൽകുന്നു.
- ഭിന്നശേഷിയുള്ള ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനവും,
- ചികിത്സാ സംബന്ധിയായ വിലയിരുത്തലുകൾക്ക് ശേഷം നിർദ്ദേശാനുസരണം ഭേദഗതി വരുത്തിയ സഹായക സാങ്കേതിക ഉപകരണങ്ങളുടെ വിതരണവും NIPMR നടത്തിവരുന്നു.

കൂടാതെ, നിരവധി **അക്കാദമിക് പ്രോഗ്രാമുകളും** NIPMR നടത്തുന്നു:

- കേരള ആരോഗ്യ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത **Bachelor of Occupational Therapy** കോഴ്സ്, **Bachelor of Prosthetics and Orthotics** കോഴ്സ്.
- റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകൃത **D.Ed Special Education Programme**.
- ഒരു വർഷ ദൈർഘ്യമുള്ള **Certificate Course in Care Giving**, ആറു മാസം ദൈർഘ്യമുള്ള **Certificate Course in Community Based Inclusive Development**.
- **സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, ബൗദ്ധികവും വികാസപരവുമായ പരിമിതികൾ** ഉള്ള കുട്ടികൾക്കായി പ്രത്യേക വിദ്യാഭ്യാസ പരിപാടികളും നടത്തുന്നു.

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

ശുഭയാത്ര പദ്ധതി	• ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം • ട്രൈസ്കൂട്ടർ വിതരണം

	• സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
ആശ്വാസം പദ്ധതി	• സ്വയം തൊഴിൽ ബാങ്ക് വായ്പക്ക് സബ്സിഡി • ലോട്ടറി ഏജൻറുമാർക്ക് 5000/- രൂപ ധനസഹായം • സ്വയം സഹായ സംഘങ്ങൾക്ക് 20,000/- രൂപ ധനസഹായം • വായ്പ എടുക്കാൻ മാർഗ്ഗമില്ലാത്തവർക്ക് 25000/- രൂപ സഹായം. • കാലാവധി കഴിഞ്ഞ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 50000/- രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുക എഴുതി തള്ളി വായ്പ തീർപ്പാക്കൽ (സ്വയംതൊഴിൽ വായ്പ), വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി (സ്വയംതൊഴിൽ വായ്പ).
ഹസ്തദാനം പദ്ധതി	• SSLC/Plus Two പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപ ക്യാഷ് അവാർഡ് • ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20000/ രൂപ 18 വയസു വരെ സ്ഥിര നിക്ഷേപം • വയോജനങ്ങളെ പരിപാലിക്കുന്നതിന് **സാഫല്യം** പരിചരണകേന്ദ്രം
എൻ.ഡി.എഫ്.ഡി.സി വായ്പ	• നാഷണൽ ദിവ്യംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസി. • സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ • 6% മുതൽ 9% വരെ പലിശയിൽ 50 ലക്ഷം രൂപ വരെ സ്വയം തൊഴിൽ/വാഹന വായ്പ്പ • 50 ലക്ഷം വരെ വിദ്യാഭ്യാസ വായ്പയ്ക്ക് 4% മാത്രം പലിശ • 50 ലക്ഷം വരെ ഭവന വായ്പയ്ക്ക് 7% മാത്രം പലിശ
Ability Beyond Limits പദ്ധതി	കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ **Ability Beyond Limits** എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നൂറ് ഖാദി ഔട്ട് ലെറ്റുകളുടെ

	ശൃംഖല ആരംഭിക്കുന്ന നടപടികൾ നടന്നുവരുന്നു.
COMPUTRON സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ് കോഴ്സ്	കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും കമ്പ്യൂട്ടറോൺ ടെയിനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന **"സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ്"** കോഴ്സ്. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിലും സാങ്കേതിക നൈപുണ്യവികസനവും ഉറപ്പാക്കുന്ന ഈ കോഴ്സ് അത്യന്തം പ്രാധാന്യമുള്ളതും സാമൂഹികമായും സാമ്പത്തികമായും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ളതുമാണ്. ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് പരിശീലനം ആവശ്യം ഉള്ളവരെ തിരഞ്ഞെടുക്കുന്നത്.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ നടപ്പിലാക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കുള്ള സ്കീമുകൾ

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി മഴവിൽ പദ്ധതി പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

പദ്ധതിയുടെ പേര്	**പദ്ധതി മാനദണ്ഡങ്ങൾ**
I. ട്രാൻസ്ജെൻഡർ വ്യക്തിഗത ഗുണഭോക്തൃ പദ്ധതി	
1. ട്രാൻസ്ജെൻഡർ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി	30 TG വിദ്യാർത്ഥികൾക്ക് 7-ാം ക്ലാസ്സ് മുതൽ പി ജി തലം വരെയുള്ള പഠനത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതി.
2. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/ താമസ സൗകര്യം ഒരുക്കുന്ന ധനസഹായ പദ്ധതി	25 ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതി. ഒരു വിദ്യർത്ഥിക്ക് ഒരു മാസത്തേയ്ക്ക് **4000/-** രൂപ വീതം 10 മാസം വരെ തുക അനുവദിക്കുന്നു.

3. യത്നം പദ്ധതി	UPSC, ബാങ്കിംഗ് സർവീസസ്, RRB, KPSC, UGC/NET/JRF എന്നിവ പോലുള്ള മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പരീക്ഷാ തയ്യാറെടുപ്പിനാവശ്യമായ സാമ്പത്തികവും അക്കാദമികവുമായ പിന്തുണയും നൽകുന്ന പദ്ധതി.
4. കരുതൽ പദ്ധതി	സാമൂഹിക പിന്തുണയില്ലായ്മ മൂലം അടിയന്തിര പ്രതിസന്ധികൾ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്ന പദ്ധതിയാണ് കരുതൽ പദ്ധതി.
5.സഫലം/ വർണ്ണം പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും വിദൂര വിദ്യാഭ്യാസത്തിനും ധനസഹായം അനുവദിക്കുന്ന പദ്ധതി	പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പരമാവധി 1,00,000/- രൂപയും വിദൂര വിദ്യാഭ്യാസത്തിന് പരമാവധി 24,000/- രൂപയും ധനസഹായം അനുവദിക്കുന്നു.
6."സമന്വയ' തുടർ വിദ്യാഭ്യാസ പദ്ധതി	പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനും തുല്യതാപരീക്ഷ എഴുതുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി.
7. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം	ലിംഗ പരിവർത്തന (Gender Affirming Surgery) ശസ്ത്രക്രിയ നടത്തിയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി. ട്രാൻസ് മെൻ - **5,00,000/-** രൂപ വരെ ട്രാൻസ് വുമൺ -**2,50,000/-** രൂപ വരെ.
8. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞുള്ള പരിചരണ സഹായം	ലിംഗപരിവർത്തന ശസ്ത്രക്രിയയ്ക്ക് ശേഷം ശരീരം പൂർണമായി സുഖം പ്രാപിക്കുന്നതിനും പോഷകാഹാരത്തിനുമായി 12 മാസത്തേക്ക് മാസം 3000/- രൂപ വീതം ₹36,000/- രൂപയുടെ സഹായം നൽകുന്ന പദ്ധതിയാണിത്.
9. TG വിവാഹ ധനസഹായ പദ്ധതി	നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/- രൂപ വിവാഹ ധനസഹായമായി നൽകി വരുന്ന പദ്ധതിയാണിത്.

10.സ്വയംതൊഴിൽ ധനസഹായപദ്ധതി	ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി കേരള വനിത വികസന കോർപ്പറേഷൻ വഴി **₹3 ലക്ഷം** വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി.
11.സുഭദ്രം- ട്രാൻസ്ജെൻഡർ ഭവന പദ്ധതി	വാസസ്ഥലമില്ലായ്മ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഭൂമി വാങ്ങുന്നതിനും വീട്നിർമ്മിക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സുഭദ്രം. **I.**LSGI / Kudumbashree / LIFE Mission / PMAY (U) പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പരമാവധി **₹2 ലക്ഷം** ഗ്യാപ് ഫണ്ട്. **II.**സ്വന്തമായി ഭൂമിയുള്ള പക്ഷേ ലൈഫ്/കുടുംബശ്രീ ഗുണഭോക്താക്കളല്ലാത്തവർക്ക് പരമാവധി **₹6 ലക്ഷം.** **III.**ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിവാങ്ങലും നിർമ്മാണവും ഉൾപ്പെടുത്തി പരമാവധി **₹15 ലക്ഷം.**
II) സാകല്യം പദ്ധതി	ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ നൈപുണ്യം പരിശീലനം നൽകുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സാകല്യം പദ്ധതി. സാകല്യം പദ്ധതി പ്രകാരം കോഴ്സ് ഫീസ്, സ്റ്റൈപ്പന്റ് എന്നിവയാണ് നൽകുന്നത്.
III) പ്രതിഭ പദ്ധതി	സംസ്ഥാന-ദേശീയ -അന്തർ -ദേശീതലത്തിൽ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പുകളിൽ മത്സരിക്കുന്നതിന് നിശ്ചിത കാലയളവിൽ പരിശീലനം നേടുന്നതിനും ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന സൗന്ദര്യമത്സരം, മറ്റ്കലാ-കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും TG വ്യക്തികൾക്ക് ചെലവാകുന്ന തുക ധനസഹായമായി അനുവദിക്കുന്ന വ്യക്തിഗത ഗുണഭോക്തൃപദ്ധതിയാണ് 'പ്രതിഭ'പദ്ധതി.
IV)ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി	ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്ന പദ്ധതിയാണിത്.

V.അനന്യം പദ്ധതി	ട്രാൻസ്ജെൻഡർ സമൂഹത്തിലെ കലാപരമായ കഴിവുകളും സർഗ്ഗാത്മകതയും വികസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് അനന്യം പദ്ധതി. സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം ലക്ഷ്യമിടുന്ന ഈ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമൂഹത്തിൽ ദൃശ്യതയും അംഗീകാരവും വർദ്ധിപ്പിക്കുന്നു.